**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5407** **21-03-2025 - ൽ മറുപടിയ്ക്ക്**

**നിരണം ഡക്ക് ഫാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ മാത്യു ടി. തോമസ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പക്ഷിപ്പനിയെ തുടർന്ന് അടച്ച തിരുവല്ല മണ്ഡലത്തിലെ നിരണം ഡക്ക് ഫാം തുറന്ന് പ്രവർത്തനം തുടങ്ങുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെന്നും എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ? | (എ) | കേന്ദ്രസർക്കാരിന്റെ ആക്ഷൻ പ്ലാൻ (സെക്ഷൻ 3.5) പ്രകാരം സാനിറ്റേഷൻ സർട്ടിഫിക്കറ്റ് ലഭിച്ച്, മൂന്ന മാസത്തിനു ശേഷം കേന്ദ്ര മൃഗസംരക്ഷണവും ക്ഷീരവികസനവും മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് നിരണം ഡക്ക് ഫാമിൽ താറാവുകളുടെ റീ-സ്റ്റോക്കിങ് സാധ്യമാകുന്നതാണ്. കൃത്യമായ ഇടവേളകളിൽ ഫാമിൽ അണുനശീകരണപ്രവർത്തനങ്ങൾ, പരിസര ശുചീകരണം എന്നിവ നടപ്പാക്കുന്നുണ്ട്. ഫാമിന്റെ ബയോസെക്യൂരിറ്റി വർദ്ധിപ്പിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഈ കാലയളവിൽ തന്നെ ഫാമിലെ ഷെഡ്ഡുകളുടെ അറ്റകുറ്റപ്പണികൾ പൂർത്തീകരിച്ചു നൽകുവാൻ ആവശ്യമായ നടപടികൾക്കായി പൊതുമരാമത്ത് വകുപ്പുമായി ബന്ധപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ